# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3113 — 03/04/2013 - ലെ മറുപടിയ്ക്ക്

## കൃഷിയോഗ്യമായ തരിശുഭൂമി ഉപയോഗപ്പെടുത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. എം. ഷാജി<br>ശ്രീ. കെ. എൻ. എ. ഖാദർ<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന്<br>ശ്രീ.പി. ഉബൈദുള്ള | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൃഷിയോഗ്യമായ തരിശുഭൂമി എത്രത്തോളമുണ്ടെന്ന തിന്റെ വിവര ശേഖരണം നടത്തി യിട്ടുണ്ടോ; എങ്കിൽ അതു സംബ ന്ധിച്ച വിശദവിവരംനൽകാമോ ;<br><br>(ബി) കൃഷി ഭൂമികൾ മനഃപൂർവ്വം തരിശിട്ട് ക്രമേണ നികത്തിയെടു ത്ത്, കാർഷികേതര പ്രവർത്തന ങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന പ്രവണത വ്യാപകമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു തടയാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;<br><br>(സി) കൃഷിയോഗ്യമായ എല്ലാ തരിശു ഭൂമികളുടെയും വിവരങ്ങൾ കൃഷി ഭവനുകളുടെ അടിസ്ഥാനത്തിൽ ശേഖരിച്ച് വെബ്സൈറ്റിൽ പ്രസി ദ്ധപ്പെടുത്താൻ നടപടി സ്വീകരി ക്കുമോ ? | (എ) (ബി) & (സി) സംസ്ഥാനത്ത് കൃഷിയോഗ്യമായ തരിശു ഭൂമി എത്രത്തോളം ഉണ്ട് എന്ന് തിട്ടപ്പെടുത്തിയിട്ടില്ല. കൃഷി ഭൂമി പ്രത്യേകിച്ച് നെൽവയലുകൾ മനഃപൂർവ്വം തരിശിട്ട് ക്രമേണ നികത്തിയെടുത്ത് കാർഷികേതര പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്ന പ്രവണത വ്യാപക മാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെൽവയലുകൾ ഇപ്രകാരം പരിവർത്ത നപ്പെടുത്തുന്നത് തടയുവാൻ 2008 - ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ